# പതിനാലാം കേരള നിയമസഭ

## അഞ്ചാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം.5781. 25.05.2017-ൽ മറുപടിയ്ക്ക്

## ലോട്ടറിയുടെ ഘടനയിൽ വരുത്തുന്ന മാറ്റങ്ങൾ

| | ചോദ്യം<br>ശ്രീ.ആർ. രാമചന്ദ്രൻ | | മറുപടി<br>ഡോ.ടി.എം.തോമസ് ഐസക്<br>(ധനകാര്യവും കയറും വകുപ്പുമന്ത്രി) |
|---|---|---|---|
| (എ) | ലോട്ടറിയുടെ വിറ്റുവരവിന്റെ എത്ര ശതമാനം സമ്മാനമായി നൽകുന്നതിനാണ് ഘടനാ മാറ്റത്തിലൂടെ ലക്ഷ്യമിടുന്നതെന്ന് വ്യക്തമാക്കുമോ; | (എ) | പരിഷ്കരിച്ച സമ്മാനഘടന പ്രകാരം ഓരോ പ്രതിവാര ഭാഗ്യക്കുറിയിലും വിറ്റുവരവിന്റെ ഏകദേശം 47% മുതൽ 48.5% വരെ സമ്മാനയിനത്തിൽ നൽകുന്നതാണ്. |
| (ബി) | കാരുണ്യ ലോട്ടറിയുടെ ഘടനയിൽ എന്തെല്ലാം മാറ്റങ്ങൾ വരുത്തുന്നതിനാണ് ഉദ്ദേശിക്കുന്നത് ; വിശദമാക്കുമോ? | (ബി) | 03-06-2017-ന് നറുക്കെടുക്കുന്ന കാരുണ്യ 296-ാമത് ഭാഗ്യക്കുറി മുതൽ പ്രസ്തുത ഭാഗ്യക്കുറിയുടെ മുഖവില 30/- രൂപയാക്കി കുറച്ചുകൊണ്ട്, പരിഷ്കരിച്ച സമ്മാനഘടന പ്രാബല്യത്തിൽ വരുന്നതാണ്. 10 പരമ്പരകളിലായി പരമാവധി 90 ലക്ഷം ടിക്കറ്റുകൾ അച്ചടിക്കത്തക്ക വിധത്തിലാണ് കാരുണ്യ ഭാഗ്യക്കുറിയുടെ സമ്മാനഘടന ആവിഷ്കരിച്ചിരിക്കുന്നത്. നിലവിലുള്ള സമ്മാനഘടന പ്രകാരം മൊത്തം സമ്മാനത്തുക 8,71,40,000/- രൂപ ആയിരുന്നത്, പരിഷ്കരിച്ച സമ്മാനഘടന പ്രകാരം 12,76,70,000/- രൂപയാക്കി വർദ്ധിപ്പിച്ചിട്ടുണ്ട്. കൂടാതെ സമ്മാനങ്ങളുടെ എണ്ണം 72,956-ൽ നിന്ന് എന്നത് 1,54,821 ആയി വർദ്ധിച്ചിട്ടുണ്ട്. ഒന്നാം സമ്മാനം ഒരു കോടിയിൽ നിന്ന് 75 ലക്ഷമാക്കി കുറയ്ക്കുകയും പതിനായിരം രൂപയുടെ സമ്മാനം ഒഴിവാക്കുകയും ചെയ്തിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ.